പതിമൂന്നാം കേരള നിയമസഭ

**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2449** 9..12..2014 ൽ മറുപടിക്ക്

## പൊതു മേഖലാസ്ഥാപനങ്ങളെ ലാഭത്തിലാക്കുന്നതിനുള്ള കർമ്മപദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.വർക്കല കഹാർ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. കെ.ശിവദാസൻ നായർ<br>ശ്രീ.സി.പി.മുഹമ്മദ് | | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ കർമ്മപദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;<br><br>(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും വിശദമാക്കുമോ; | (എ) & (ബി) | നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നതിൻെറ അടിസ്ഥാനകാരണങ്ങൾ കണ്ടെത്തി ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണമുൾപ്പെടെയുള്ള നവീകരണ വിപുലീകരണ പദ്ധതികൾ ആവിഷ്കരിച്ചും, വിപണനരംഗം ശക്തിപ്പെടുത്തി യും പ്രവർത്തനം മെച്ചപ്പെടുത്തുന്ന നടപടികൾ ഇതിനകം തന്നെ ആരംഭിച്ചിട്ടുണ്ട്. ഇതിൻെറ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാസ്ഥാപനങ്ങൾക്ക് നൽകിയ സാമ്പത്തിക സഹായത്തിൻെറ വിവരം ചുവടെ ചേർക്കുന്നു. |

| Year | Amount in crores |
|---|---|
| 2011-12 | 135.08 |
| 2012-13 | 199.1 |
| 2013-14 | 229.49 |

ഈ സാമ്പത്തിക വർഷം വ്യവസായ വകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം

ശക്തിപ്പെടുത്തുന്നതിൻെറ ഭാഗമായുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 150 കോടി രൂപ നീക്കിവെച്ചിട്ടുണ്ട്. ഇതിൽ നിന്നും തുക അനുവദിച്ചുവരുന്നു.

ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം മന്ത്രി തലത്തിലും, സെക്രട്ടറി തലത്തിലും അവലോകനം നടത്തുകയും ചെയ്തുവരുന്നു.

(സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനും ഉല്പാദനത്തിനനുസരിച്ച് തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(സി) & (ഡി) നഷ്ടത്തിൻെറ അടിസ്ഥാന കാരണങ്ങൾ കണ്ടെത്തി ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണമുൾപ്പെടെയുള്ള നവീകരണ വിപുലീകരണ പദ്ധതികൾ സർക്കാർ ധനസഹായത്തോടെ നടപ്പാക്കി കമ്പനികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയാണ് ലക്ഷ്യം. പദ്ധതി പ്രകാരമുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ഇതിൻെറ ഭാഗമായി കൂടുതൽ ഉൽപാദനവും, വിറ്റുവരവും നേടുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് അതാത് സ്ഥാപനങ്ങളിൽ നിലവിലുള്ള മാനദണ്ഡങ്ങളനുസരിച്ചുള്ള ആനുകൂല്യം നൽകി വരുന്നു.

Manu

സെക്ഷൻ ഓഫീസർ